(സി) എ.എൽ.സി. തീരുമാന പ്രകാരം സെക്ഷൻ 13 പ്രസിദ്ധീകരിച്ച റിക്കാർഡുകളിന്മേൽ ഭേദഗതി വരുത്താൻ സെക്ഷൻ 13 എ അനുസരിച്ച് ജില്ലാ കളക്ടർക്ക് അധികാരം നൽകുന്നു. 1-6-2010-ന് മുമ്പുള്ള അദാലത്ത് തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർവ്വേ വകുപ്പിൽ തന്നെ നിക്ഷിപ്തമാണ്. നിലവിൽ റീ-സർവ്വേ പ്രകാരമുള്ള എല്ലാവിധ ആക്ഷേപങ്ങളും 31-5-2010-ലെ ജി.ഒ.(എം.എസ്.) 200/2010/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ തഹസീൽദാർക്ക് അപേക്ഷ നൽകി പരിഹാരം കാണാവുന്നതാണ്.

കയർ മേഖലയെ ശക്തിപ്പെടുത്താൻ ആവിഷ്കരിച്ച കർമ്മ പദ്ധതികൾ

173 (3922) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഓരോ സാമ്പത്തിക വർഷത്തിലും എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) ഇതുമൂലം കയർ മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു:

- കയർ മേഖലയിലെ ചകിരിക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിനും ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം നൽകി.
- പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- അർഹമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406, 8,96,92,648, 1,45,25,260, 15,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു.
- കയർപിരി മേഖലയിലെ കറങ്ങ കൂലി 300 രൂപയായും, ഉൽപ്പന്ന മേഖലയിലെ കറങ്ങകൂലി 360 രൂപയായും വർദ്ധിപ്പിച്ചു.
- കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.
- കയർപിരി കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും, 2012-13-ൽ 2,07,59,149 രൂപയും, 2013-14-ൽ 11,20,75,971 രൂപയും, 2014-15-ൽ 10,44,66,655 രൂപയും അനുവദിച്ചു.
- കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും ആഭ്യന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കയർ കേരള അന്താരാഷ്ട്ര പ്രദർശനമേള 2012, 2013, 2014, 2015 എന്നീ വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു.
- ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.
- അംഗസംഘങ്ങളിൽ നിന്നും കയർഫെഡ് സംഭരിച്ച കയറിന് നൽകാനുള്ള തുകയായ 6.50 കോടി രൂപ കയർഫെഡിന് നടപ്പുവർഷം അനുവദിച്ചു.
- കയർ സഹകരണ സംഘങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിനായി കയർഫെഡിന് 2013-14-ൽ 4,86,20,000 രൂപ അനുവദിച്ചു.
- തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിന് സർക്കാർ അംഗീകാരം നൽകി.

കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-13 വർഷം 18,39,60,000 രൂപയും, 2013-14 വർഷം 4,62,37,000 രൂപയും 2014-15 വർഷം 8,98,13,000 രൂപയും അനുവദിച്ചു.

(ബി) 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിൽ കയർ മേഖലയിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രവിഹിതം ഉൾപ്പെടെ 2011-12-ൽ പദ്ധതിയിനത്തിൽ 90,05,01,000 രൂപയായിരുന്നത് 2012-13-ൽ 104,70,00,000 രൂപയായും, 2013-2014-ൽ 116,37,00,000 രൂപയായും, 2014-15-ൽ 121,93,90,000 രൂപയായും വർദ്ധിപ്പിച്ചു.

(സി) കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ 2011-12 നേക്കാൾ 16.27% വർദ്ധനവ് 2012-13 ലും, 2012-2013 നേക്കാൾ 11.46% വർദ്ധനവ് 2013-14 ലും, 2013-14 വർഷത്തേക്കാൾ 4.7856% വർദ്ധനവ് മുൻ വർഷവും (2014-15) ഉണ്ടായിട്ടുണ്ട്.

(ഡി) പ്രസ്തുത നടപടികൾമൂലം കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കാനും അതുവഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും സാഹചര്യമൊരുങ്ങി. ചില പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

- കയർ മേഖലയിൽ കൂലി വർദ്ധനവ് നടപ്പിലാക്കിയതുമൂലം ഈ മേഖലയിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു. കൂലി വർദ്ധനവ് നടപ്പിലാക്കിയതിനാൽ കൂടുതൽ തൊഴിലാളികൾ തൊഴിൽ സന്നദ്ധരായി കയർ മേഖലയിലേക്ക് വരുന്ന സാഹചര്യം ഉണ്ടായി. കയർ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുവാനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.

- പുനരുദ്ധാരണ പദ്ധതി പ്രകാരം കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകിയതുമൂലം കൂടുതൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പ്രസ്തുത പദ്ധതി പ്രകാരം 2011-12-ൽ 388 സംഘങ്ങൾക്കും, 2012-13-ൽ 440 സംഘങ്ങൾക്കും, 2013-14-ൽ 78 സംഘങ്ങൾക്കും പ്രവർത്തന മൂലധനം ലഭിച്ചു.

- ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകിയത് മേഖലയിലെ പ്രതിസന്ധി വലിയൊരളവുവരെ പരിഹരിക്കുന്നതിനും സാധിച്ചു. കയർഫെഡ് നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും, 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. ഇതുമൂലം ചകിരി ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

- ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.
- കയർ സംഭരണത്തിനായി 2012-2013, 2013-2014 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ വീതം അനുവദിച്ചതു കാരണം കൂടുതൽ കയർ സംഭരിച്ചിട്ടുണ്ട്.
- കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.
- ക്രയവില സ്ഥിരതാ പദ്ധതി (PPSS) പ്രകാരമുള്ള സെയിൽസ് ടേൺ ഓവർ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 5093.82 ലക്ഷം രൂപയും, 5996.17 ലക്ഷം രൂപയും, 8749.98 ലക്ഷം രൂപയും, 9628.90 ലക്ഷം രൂപയായും വർദ്ധിച്ചു.
- ഇൻകം സപ്പോർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു.
- കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.
- കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും കയർഫെഡിനേയും, കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും അടിസ്ഥാനസൗകര്യം കൂടുതൽ ശക്തമാക്കി പ്രവർത്തനം ഊർജ്ജസ്വലമാക്കാൻ കഴിഞ്ഞു.

കയർ മേഖലയെ നവീകരിക്കുന്നതിനുള്ള പദ്ധതി

174 (3923) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിയ്ക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly